നം.കെ.എസ്.എ.പി.റ്റി.എ.പി**6-1284/16** തിയതി**: 24.11.2016**

# പത്തനംതിട്ട ജില്ലയിലെ സീതത്തോട് ഗ്രാമപഞ്ചായത്തിന്റെ **2015-16** സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് **(1994-**ലെ കേരള പഞ്ചായത്ത് രാജ് നിയമം **215(4) -** വകുപ്പ്, **1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം **13-**ാം വകുപ്പ്, **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്**)**

| | |
|---|---|
| *ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും* | ശ്രീ. ഹബീബ് മുഹമ്മദ്,<br>ഡെപ്യൂട്ടി ഡയറക്ടർ |
| *ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം* | നം. കെഎസ്എ.പിറ്റിഎ.പി6-1284/16/24.11.16<br>(വിശേഷണങ്ങളോടുകൂടിയത്) |

ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

സീതത്തോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് 12.7.2016 മുതൽ 5.11.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| *ഓഡിറ്റിന് വിനിയോഗിച്ച സമയം* | *ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം* |
|---|---|
| 7.11.2016 മുതൽ 16.11.2016 വരെ | ശ്രീ. എസ് രമണൻ, ഓഡിറ്റ് ഓഫീസർ |
| | ശ്രീ. അരുൺ എസ് നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. അനിൽകുമാർ പി, സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ. വി പി വർഗ്ഗീസ് | 1.4.2015മുതൽ 31.10.2015 വരെ |
| ഭരണനിർവ്വഹണ സമിതി | 1.11.2015 മുതൽ 17.11.2015 വരെ |
| ശ്രീമതി ലേഖ സുരേഷ് | 18.11.2015 മുതൽ 31.3.2016 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. പി വിജയകുമാരൻ | 1.4.2015 മുതൽ 7.4.2015 വരെ |
| ശ്രീ. കെ വി രാധാകൃഷ്ണൻ നായർ<br>(സെക്രട്ടറിയുടെ പൂർണ്ണ അധിക ചുമതല) | 8.4.2015 മുതൽ 7.8.2015 FN വരെ |
| ശ്രീ. അനിൽകുമാർ ആർ എസ് | 7.8.2015 AN മുതൽ 31.3.2016 വരെ |

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| | |
|---|---|
| കൃഷി ഓഫീസർ | |
| ശ്രീ. അശോക് പി വർഗ്ഗീസ് | 1.4.2015 മുതൽ 12.1.2016 വരെ |
| ശ്രീമതി റ്റി ആർ മായാദേവി | 13.1.2016 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | |
| ഡോ. വിൻസന്റ് സേവ്യർ | 1.4.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | |

| | |
|---|---|
| ഡോ. ഷാജിക്കുട്ടി | 1.4.2015 മുതൽ 31.3.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | |
| ശ്രീമതി ഷബ്ന ഷാജഹാൻ | 1.4.2015 മുതൽ 4.7.2015 വരെ |
| ശ്രീ. ജിനു വി | 5.7.2015 മുതൽ 15.11.2015 വരെ |
| ശ്രീമതി അമ്മിണിക്കുട്ടി റ്റി സി | 16.11.2015 മുതൽ 31.3.2016 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | |
| ശ്രീ. അനീഷ് ആർ | 1.4.2015 മുതൽ 30.9.2015 വരെ |
| ശ്രീ. സുനിൽ | 1.10.2015 മുതൽ 31.3.2016 വരെ |
| വെറ്ററിനറി സർജൻ | |
| ശ്രീ. ജാവേദ് ജമീൽ | 1.4.2015 മുതൽ 30.7.2015 വരെ |
| ശ്രീമതി അഖില ജി എം | 31.7.2015 മുതൽ 31.3.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | |
| ശ്രീമതി ശശികല ദേവി | 1.4.2015 മുതൽ 25.9.2015 വരെ |
| ശ്രീമതി പ്രസന്നകുമാരി | 26.9.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | |
| ശ്രീമതി സന്ധ്യാമോൾ കെ ബി | 1.4.2015 മുതൽ 31.3.2016 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാല് ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം **1:** പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം **2:** വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം **3:** ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ , മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം **4:** ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ബാലൻസ് ഷീറ്റ്- 2015-16
2. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്- 2015-16
3. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്- 2015-16
4. ഓഡിറ്റ് സർട്ടിഫിക്കറ്റ്

സൂചിക


| *ക്രമ നം.* | *വിഷയം* | *ഖണ്ഡിക നം.* |
|---|---|---|
| | ഭാഗം-**1** | |
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |

| | | |
|---|---|---|
| 7 | പദ്ധതി നിർവ്വഹണ വിവരങ്ങൾ | 1-7 |
| 8 | തനത് വരുമാനം | 1-8 |
| 9 | ക്ഷേമപദ്ധതികൾ | 1-9 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | **ഭാഗം-2** | |
| 12 | അംഗീകാരമില്ലാത്ത അൺ എയ്ഡഡ് സ്കൂളുകളുടെ വസ്തുനികുതി നിർണ്ണയിച്ചില്ല | 2-1 |
| 13 | ഡി & ഒ ലൈസൻസ് നൽകുന്നതിലെ അപാകതകൾ | 2-2 |
| 14 | തൊഴിൽ നികുതി | 2-3 |
| 15 | കടമുറികളുടെ വാടക പിരിച്ചെടുത്തില്ല | 2-4 |
| 16 | സേവനനികുതി ഏർപ്പെടുത്തിയില്ല | 2-5 |
| 17 | ഗവി ടൂറിസം പ്രോജക്ട് - വിനോദ നികുതി ഈടാക്കാൻ നടപടി ആരംഭിച്ചില്ല | 2-6 |
| 18 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടിയിട്ടില്ല | 2-7 |
| | **ഭാഗം-3** | |
| 19 | ഭൂജല വകുപ്പിൽ തുക നിക്ഷേപിച്ചു- പ്രവൃത്തികൾ പൂർത്തിയായിട്ടില്ല | 3-1 |
| 20 | ഭവന നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നത് | 3-2 |
| 21 | വികലാംഗർക്ക് ഭവന നിർമ്മാണം- പൂർത്തീയാകാത്ത വീടുകൾ | 3-3 |
| 22 | തെരുവ് നായ്ക്കൾക്ക് സ്റ്ററിലൈസേഷൻ– തുക വിനിയോഗിച്ചതിന്റെ രേഖയില്ല | 3-4 |
| 23 | എസ്.എസ്.എ പദ്ധതിയ്ക്ക് വർഷാവർഷം തുക നൽകുന്നതിൽ പരിമിതപ്പെടുന്ന പഞ്ചായത്തിന്റെ ചുമതല | 3-5 |
| 24 | വിനിയോഗ രേഖയുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു | 3-6 |
| 25 | മരാമത്തു പ്രവൃത്തി- റോഡ് കോൺക്രീറ്റിംഗിന് അധികനിരക്ക് നൽകി | 3-7 |
| 26 | ശാരീരിക - മാനസിക വെല്ലുവിളി നേരിടുന്നവർക്ക് അവഗണന | 3-8 |
| 27 | നിർവ്വഹണ ഉദ്യോഗസ്ഥൻ ക്രമവിരുദ്ധമായി 1.39ലക്ഷം രൂപ അക്കൌണ്ടിൽ സൂക്ഷിക്കുന്നു | 3-9 |

| | | |
|---|---|---|
| 28 | വികലാംഗർക്ക് വീട് നിർമ്മാണം - പദ്ധതി പൂർത്തീകരിച്ചില്ല | 3-10 |
| 29 | കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചില്ല | 3-11 |
| 30 | ആശ്രയ പദ്ധതി - അവലോകനം | 3-12 |
| | ഭാഗം-**4** | |
| 31 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 32 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ലഭിച്ച തുകകളുടെ വിവരം | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 34 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബഡ്ജറ്റ്

2015-16വർഷത്തെ ബഡ്ജറ്റ് 28.3.2015-ലെ 1- ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബഡ്ജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| *ഇനം* | *പ്രതീക്ഷിച്ചത് (ബഡ്ജറ്റ് പ്രകാരം)* | *യഥാർത്ഥത്തിൽ ഉള്ളത് (വാർഷിക കണക്ക് പ്രകാരം)* | *വ്യത്യാസം* | | *ശതമാനം* |
|---|---|---|---|---|---|
| | | | *കൂടുതൽ* | *കറവ്* | *(+) / (-)* |
| മുന്നിരിപ്പ് | 5003480 | 47051609 | 42048129 | | 840.38 |
| വരവ് | 169745000 | 37898820 | | 131846180 | 77.67 |
| ആകെ | 174748480 | 91452789 | | 83295691 | 47.67 |
| ചെലവ് | 173329820 | 86058743 | | 87271077 | 50.35 |
| നീക്കിയിരിപ്പ് | 1418660 | 5394046 | 3975386 | | 280.22 |

മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകളിൽ ഭീമമായ അന്തരമാണുള്ളതെന്ന് മേൽപറഞ്ഞ കണക്കുകൾ വ്യക്തമാക്കുന്നു.പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി കണക്കിലെടുക്കാതെയാണ് ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഫണ്ടുകളിലെ യഥാർത്ഥ നീക്കിയിരിപ്പ് തുകകൾ പരിഗണിക്കാതെയാണ് ബജറ്റ് തയ്യാറാക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

ബഡ്ജറ്റ് പ്രകാരമുള്ള വിവിധയിനങ്ങളിലെ വരവും യഥാർത്ഥ വരവും തമ്മിൽ പ്രകടമായ വ്യത്യാസമുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു-

| ഇനം | ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | യഥാർത്ഥ വരവ് | വ്യത്യാസം |
|---|---|---|---|
| വസ്തു നികുതി | 4800000 | 431371 | 4368629 |
| തൊഴിൽ നികുതി | 7000000 | 1300500 | 5699500 |
| പെർമിറ്റ് ഫീ | 200000 | 30188 | 169812 |
| വാടക | 600000 | 383286 | 216714 |

ഒട്ടുമിക്ക വരവുകളും ബഡ്ജറ്റ് പ്രതീക്ഷയേക്കാൾ വളരെ കുറവാണ്. വസ്തുതകളുടെ അടിസ്ഥാനത്തിൽ ഗൗരവപൂർണ്ണമായല്ല ബഡ്ജറ്റ് തയ്യാറാക്കിയതെന്ന് വ്യക്തമാണ്. ബഡ്ജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| *വർഷം* | *ധനകാര്യപത്രിക ലഭിക്കേണ്ട തീയതി* | *ലഭിച്ച തീയതി (അപാകത പരിഹരിച്ച് ലഭ്യമാക്കിയത്)* |
|---|---|---|
| 2015-16 | 15.5.2016 | 6.8.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| *വർഷം* | *സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി* | *സർട്ടിഫിക്കറ്റിന്റെ വിശദാംശം* |
|---|---|---|
| 2015-16 | 15.11.2016 | വിശേഷണങ്ങളുള്ളത് |

2015-16 വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ താഴെ പറയുന്നു.

**1.** ഷെഡ്യൂൾ-B-1:- 'Excess of Income over expenditure' ആയി 5603802.10രൂപ കാണിച്ചിരിക്കുന്നു. എന്നാൽ, Income and Expenditure statement പ്രകാരം 'Deficit of Income over expenditure' ആണ്.[(-)74676രൂപ].

**2.** B-11: Fixed Assets- ഭൂരിഭാഗം ഇനങ്ങളിലും മുൻവർഷ കണക്കിലെ തുകകൾ തന്നെ ക്യാരി ഓവർ ചെയ്തിരിക്കുകയാണ്. സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.(സ്റ്റോക്ക് മുന്നിരിപ്പ്, തൻ വർഷത്തെ സ്റ്റോർ പർച്ചേസിന്റെ മൂല്യം, ക്ലോസിംഗ് സ്റ്റോക്ക് മുതലായ വിവരങ്ങൾ). 8.8.12-ലെ സ.ഉ.(കൈ) നം.212/12/ത.സ്വ.ഭ.വ- ഉത്തരവു പ്രകാരം ആസ്തികളുടെ തേയ്മാനം കുറവു ചെയ്ത് ആസ്തി മൂല്യം കണക്കാക്കിയിട്ടില്ല.

**3.** B-11(a): Capital Work in progress ആയി 3511522/- രൂപ കാണിച്ചിരിക്കുന്നു. എന്നാൽ ഈ തുക capital expenditure ആയി വരേണ്ട തുകയാണ്.

**4.** B-15: തൊഴിൽ നികുതി തൻവർഷം പിരിച്ചെടുക്കാനുള്ള തുക 622/- രൂപയും വസ്തു നികുതി ഇനത്തിൽ പിരിച്ചെടുക്കാനുള്ള തുകയായ 1690352/- രൂപ കാണിച്ചിരിക്കുന്നതിന്റെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

**5.** I-1: വസ്തു നികുതി, തൊഴിൽ നികുതി തുകകളുടെ കൃത്യത ബോദ്ധ്യപ്പെടുത്തിയിട്ടില്ല. ഉദാ-തൊഴിൽ നികുതി- ജീവനക്കാർ- 1153000/- രൂപ രേഖപ്പെടുത്തിയിരിക്കുന്നു. ഡിമാന്റ് രജിസ്റ്റർ പ്രകാരം ആയത് 856566/- രൂപയാണ്.

**6.** മുൻമാസത്തെ Receipt & Payment പത്രിക തുടർന്നുള്ള മാസങ്ങളിൽ 10-ാം തീയതിയ്ക്കകം തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയ്ക്ക് സമർപ്പിച്ചിട്ടില്ല.

വാർഷിക കണക്കിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-4 സാമ്പത്തിക വിശകലനം

| ഇനം | *2015-16* |
|---|---|
| മുന്നിരിപ്പ് | 47051609 |
| വരവ് | 44401180 |
| ആകെ | 91452789 |
| ചെലവ് | 86058743 |
| നീക്കിയിരിപ്പ് | 5394046 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | | ആകെ വരവ് | ചെലവ് | | ആകെ ചെലവ് | നീക്കിബാക്കി(RP 40 b പ്രകാരം) |
|---|---|---|---|---|---|---|---|---|
| | | കൺസോളിഡേറ്റഡ് ഫണ്ട് | ട്രാൻസ്ഫർ ക്രഡിറ്റ് | | കൺസോളിഡേറ്റഡ് ഫണ്ട് | ട്രാൻസ്ഫർ ക്രഡിറ്റ് | | |
| വികസന ഫണ്ട് (ജനറൽ) | 10699772 | 13859480 | 13058663 | 37617915 | 24559252 | 13058663 | 37617915 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 1903966 | 2527000 | - | 4430966 | 2527000 | 1903966 | 4430966 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 123 | 432000 | - | 432123 | 432123 | - | 432123 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 5955533 | 7185000 | - | 131405333 | 131405333 | - | 131405333 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 4707708 | 5214000 | - | 9921708 | 9921708 | - | 9921708 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 9533483 | 5760943 | - | 15294426 | 9727288 | 5567138 | 15294426 | 0 |
| ലോക ബാങ്ക് സഹായം | 7999887 | - | - | 7999887 | 2412328 | 5587559 | 7999887 | 0 |

## 1-6 പദ്ധതി അവലോകന വിവരങ്ങൾ

**(എ)** പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 255 | 109726379 | 196 | 64997301 | 59 | 76.86 |

**(ബി)** പദ്ധതി നിർവ്വഹണത്തിലെ പോരായ്മകൾ

ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക പദ്ധതി അവലോകനം നടത്തിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്തിലെ പദ്ധതി രൂപീകരണത്തിൽ നിർണ്ണായകമായ പങ്കാളിത്തം വഹിക്കുന്ന സമിതികളാണ് വർക്കിംഗ് ഗ്രൂപ്പുകൾ. ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. ഓരോ വിഷയമേഖലയും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും ചർച്ച ചെയ്ത് ആയതിന് അനുസൃതമായി പദ്ധതികൾ ആവിഷ്കരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾക്ക് കഴിഞ്ഞിട്ടില്ല.
2. ഗ്രാമപഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് സമസ്ത മേഖലകളിലേയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പദ്ധതികൾ തയ്യാറാക്കുന്നതിനു പകരം വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതംവച്ച് താരതമ്യേന ചെറുതും, ഫലപ്രാപ്തി കുറഞ്ഞതുമായ പദ്ധതികൾ ഏറ്റെടുക്കുന്നു.
3. റോഡ് നിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ മുഴുവൻ നീളത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തുന്നതിന് പകരം, റോഡുകളെ ചെറിയ കഷണങ്ങളാക്കി മുറിച്ച് ചെറിയ നീളം കോൺക്രീറ്റ്/ടാറിംഗ് നടത്തുന്നതിന് പദ്ധതികൾ നടപ്പിലാക്കുന്നു.
4. ഏറ്റെടുക്കുന്ന പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നില്ല. സാമ്പത്തിക വർഷത്തിന്റെ അന്ത്യംവരെ പദ്ധതി പ്രവർത്തനങ്ങൾ, പ്രത്യേകിച്ച് നിർമ്മാണ പ്രവർത്തികൾ വലിച്ചിഴയ്ക്കുകയും, അവസാന നാളുകളിൽ പദ്ധതിപ്പണം തിരക്കിട്ട് ചെലവഴിച്ചു തീർക്കുകയും ചെയ്യുന്ന പ്രവണത നിലനിൽക്കുന്നു.
5. തൻവർഷം ഒട്ടുമിക്ക മരാമത്തുപ്രവൃത്തികളും ഗുണഭോക്തൃസമിതികൾ മുഖേനയാണ് നിർവ്വഹിച്ചിരിക്കുന്നത്. ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളത് വളരെ കുറച്ച് പ്രവൃത്തികൾക്ക് മാത്രമാണ്. ടെണ്ടർ മുഖേന പ്രവൃത്തികൾ നിർവ്വഹിച്ചിരുന്നുവെങ്കിൽ മത്സരാധിഷ്ഠിത ടെണ്ടറുകളിലൂടെ എസ്റ്റിമേറ്റിനേക്കാൾ കുറഞ്ഞ നിരക്കിൽ കരാറുകാർ പ്രവൃത്തി ഏറ്റെടുക്കാനുള്ള സാധ്യതയുണ്ടായിരുന്നു. ആയതിലൂടെ പദ്ധതിപ്പണം ലാഭിക്കാമായിരുന്നു എന്നു മാത്രമല്ല, ടെണ്ടർ ഫോറം വിൽപ്പന, ഇ.എം.ഡി, സെക്യൂരിറ്റി എന്നീയിനങ്ങളിൽ പഞ്ചായത്തിന് വരുമാനവും ഉണ്ടാകുമായിരുന്നു.
6. വാർഷിക പദ്ധതിയിൽ എല്ലാ മേഖലകൾക്കും അർഹമായ പരിഗണന ലഭിക്കുന്നില്ല. ഉദാ: കൃഷി, വിദ്യാഭ്യാസം, ആരോഗ്യം, എന്നീ അടിസ്ഥാന മേഖലകൾക്ക് വാർഷിക പദ്ധതിയിൽ മതിയായ തുക വകയിരുത്തുന്നില്ല (തൻവർഷ വകയിരുത്തൽ ശതമാന കണക്കിൽ - കൃഷി -1.2% , ആരോഗ്യം - 2.9% , വിദ്യാഭ്യാസം - 0.8% ).
7. ഏറ്റെടുക്കുന്ന പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല. തൻവർഷം ആവിഷ്കരിച്ച 447.29 ലക്ഷം രൂപ അടങ്കലുള്ള പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല.
8. എസ്.സി.പി. പ്രോജക്ടുകളുടെ നിർവ്വഹണവും ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കുന്നതിന് നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കണമെന്ന പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല.
9. പ്രോജക്ട് മോണിട്ടറിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകിയിട്ടില്ല.
10. മരാമത്ത് പ്രവൃത്തികളുടെ സംഗതിയിൽ പ്രവൃത്തി സ്ഥലത്ത് വിശദമായി വിവരങ്ങൾ അടങ്ങിയ (പ്രവൃത്തിയുടെ പേര്, കരാറുകാരൻ, അടങ്കൽ,

പൂർത്തിയാക്കുന്ന തീയതി മുതലായവ) ബോർഡ് പ്രദർശിപ്പിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

11. അങ്കണവാടികളിൽനിന്ന് യഥാർത്ഥത്തിൽ പോഷകാഹാരം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്നവയുടെ ഗുണനിലവാരവും കൂടെ കൂടെ പരിശോധനയ്ക്ക് വിധേയമാക്കുന്നതിന് ഗ്രാമസഭാ അംഗങ്ങളിൽനിന്നും പൊതു സമ്മതരായ 5 പേരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല.
12. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കുള്ള പ്രത്യേക പദ്ധതികൾ (പ്രത്യേക ഘടക പദ്ധതി, ദാരിദ്ര്യ നിർമ്മാർജ്ജന ഉപ പദ്ധതി, വനിതാ ഘടക പദ്ധതി, കുട്ടികൾ, വൃദ്ധർ, ഭിന്നശേഷിയുള്ളവർ എന്നിവർക്കുള്ള പ്രത്യേക പദ്ധതി മുതലായവ) അതിന്റെ ശരിയായ അർത്ഥത്തിൽ നടപ്പിലാക്കുന്നതിൽ ഗ്രാമപഞ്ചായത്ത് ശ്രദ്ധപതിപ്പിച്ചിട്ടില്ല.

മേൽ വിവരിച്ച അപാകതകൾ പരിഹരിക്കുന്നതിനും വാർഷിക പദ്ധതി നടത്തിപ്പ് കുറ്റമറ്റതാക്കുന്നതിനുമുള്ള ആത്മാർത്ഥ ശ്രമം ഗ്രാമപഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## 1-7 പദ്ധതി നിർവ്വഹണ വിവരങ്ങൾ

| *വികസന മേഖല* | *അംഗീകരിച്ച പ്രോജക്ടുകൾ* | | *നടപ്പാക്കിയ പ്രോജക്ടുകൾ* | | |
|---|---|---|---|---|---|
| | *എണ്ണം* | *അടങ്കൽ തുക* | *എണ്ണം* | *ചെലവ് തുക* | *ചെലവ് ശതമാനം* |
| ഉല്പാദനം | 19 | 10850415 | 15 | 4698948 | 43.31 |
| സേവനം | 85 | 51002077 | 55 | 26497071 | 51.95 |
| പശ്ചാത്തലം | 151 | 47873887 | 126 | 33801282 | 70.6 |
| ആകെ | 255 | 109726379 | 196 | 64997301 | 59.24 |

| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *ആവിഷ്കരിച്ച പദ്ധതികൾ* | *നടപ്പാക്കിയ പദ്ധതികൾ* | *വകയിരുത്തിയ തുക* | *ചെലവഴിച്ച തുക* | *ചെലവ് ശതമാനം* |
|---|---|---|---|---|---|
| സെക്രട്ടറി | 40 | 30 | 11786455 | 6838855 | 58.02 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 4 | 3267178 | 1359138 | 41.6 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 165 | 129 | 62840934 | 40102097 | 63.82 |
| വി.ഇ.ഒ | 15 | 11 | 20940600 | 10644600 | 50.83 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 7 | 6 | 1280597 | 1078866 | 84.25 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 1 | 170000 | 70000 | 41.18 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 2 | 2 | 690000 | 690000 | 100 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 2 | 2 | 1700000 | 1669300 | 98.19 |
| കൃഷി ഓഫീസർ | 5 | 5 | 2410315 | 1406145 | 58.34 |
| വെറ്ററിനറി സർജൻ | 3 | 3 | 3696500 | 944500 | 25.55 |
| എച്ച്.എം, ഗവ. യുപിഎസ് | 4 | 3 | 793800 | 193800 | 24.41 |
| ഡയറി ഫാം ഇൻസ്പെക്ടർ | 1 | - | 50000 | - | - |

## 1-8 തനത് വരുമാനം

സ്ഥാപനത്തിന് ഓഡിറ്റ് വർഷത്തിൽ ലഭിച്ച തനതു വരുമാനത്തിന്റെ വിവരം ചുവടെചേർക്കുന്നു.

| *ഇനം* | *മുൻവർഷം* | *തൻവർഷം* | *വ്യത്യാസം* | *ശതമാനം (+)/(-)* |
|---|---|---|---|---|
| നികുതി വരവുകൾ | 1181640 | 1153000 | 28640 | 2.42 |
| നികുതിയേതര വരവുകൾ | 730610 | 268303 | 462307 | 63.28 |
| മറ്റ് വരവുകൾ | 98733666 | 42979877 | 55753789 | 56.47 |
| ആകെ | 100645916 | 44401180 | 56244736 | 55.88 |

## 1-9 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ |
|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 33 | 33 | 3 |
| 2 | തൊഴിൽ രഹിത വേതനം | 16 | 16 | 3 |
| 3 | വിധവാ പെൻഷൻ | 68 | 68 | 6 |
| 4 | വികലാംഗ പെൻഷൻ | 14 | 14 | - |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | - | - | - |
| 6 | വാർദ്ധക്യകാല പെൻഷൻ | 279 | 279 | 22 |

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.11.2016-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 19599/- (പത്തൊൻപതിനായിരത്തി അഞ്ചൂറ്റി തൊണ്ണൂറ്റിയൊൻപത്) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| *ഓഡിറ്റ്* | *അവസാനം ഓഡിറ്റ് നടത്തിയ തീയതി* | *ഓഡിറ്റ് കാലയളവ്* | *റിപ്പോർട്ട് ലഭിച്ച തീയതി* |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.10.2016 | 8/16-9/16 | പുറപ്പെടുവിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 3.8.16-18.8.16 | 2011-12 – 2015-16 | 7.10.16 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 അംഗീകാരമില്ലാത്ത അൺ എയ്ഡഡ് സ്കൂളുകളുടെ വസ്തുനികുതി നിർണ്ണയിച്ചില്ല

സി.ബി.എസ്.ഇ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന എം.എം.എ.എം ഇംഗ്ലീഷ് മീഡിയം സ്കൂൾ, വിദ്യാധിരാജ ഇംഗ്ലീഷ് മീഡിയം സ്കൂൾ എന്നീ സ്ഥാപനങ്ങളുടെ വസ്തുനികുതി നാളിതുവരെ നിർണ്ണയിച്ചിട്ടില്ല. 2013ലെ കേരള പഞ്ചായത്തുരാജ് (ഭേദഗതി) ചട്ടങ്ങൾ പ്രകാരം പന്ത്രണ്ടാം ക്ലാസ് വരെയുള്ള സർക്കാർ അംഗീകാരമുള്ള സ്കൂളുകൾക്ക് മാത്രമാണ് വസ്തു നികുതി ഇളവിന് അർഹതയുള്ളത്. എന്നാൽ ഇതിനു വിരുദ്ധമായി, മേൽപ്പറഞ്ഞ സ്കൂളുകൾക്ക് അനർഹമായി ഇളവനുവദിച്ചത് തെറ്റായ നടപടിയാണ്. ടി സ്കൂളുകളുടെ നികുതി നിർണ്ണയിച്ച് ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-2 ഡി & ഒ ലൈസൻസ് നൽകുന്നതിലെ അപാകതകൾ

2015-16സാമ്പത്തികവർഷം 173 സ്ഥാപനങ്ങൾക്ക് ഗ്രാമപഞ്ചായത്തിൽനിന്നും ഡി & ഒ ലൈസൻസ് നൽകിയിട്ടുണ്ട്. തൊട്ടുമുൻവർഷം 187 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിരുന്നു. തൻവർഷം ലൈസൻസെടുത്ത സ്ഥാപനങ്ങളുടെ എണ്ണത്തിൽ കുറവുണ്ടായി. ഡിമാന്റ് രജിസ്റ്ററും ലൈസൻസിനുള്ള അപേക്ഷകളും പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടു.

*റേഷൻ കടകൾ ലൈസൻസെടുത്തിട്ടില്ല*

ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.ecostat.kerala.gov.inപ്രസിദ്ധീകരിച്ചിട്ടുള്ള കണക്കുകൾ പ്രകാരം

സീതത്തോട് ഗ്രാമപ്പഞ്ചായത്തിൽ 13റേഷൻകടകൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. ഇവ പഞ്ചായത്തിൽനിന്ന് ഡി ആന്റ് ഒ ലൈസൻസ് എടുത്തിട്ടില്ലാത്തതിനാൽ ഇവയിൽനിന്ന് പഞ്ചായത്തിന് ലൈസൻസ് ഫീസിനത്തിലും തൊഴിൽനികുതിയിനത്തിലും യാതൊരു വരുമാനവും ലഭിക്കുന്നില്ല.

*വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല*

ലൈസൻസിനായി സമർപ്പിച്ചിട്ടുള്ള ഭൂരിഭാഗം അപേക്ഷകളിലും ശരാശരി വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളതിന്റെ കൃത്യത പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടില്ല.

*സ്റ്റാഫിന്റെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല*

അപേക്ഷകളിൽ വ്യാപാര/വ്യവസായ സ്ഥാപനങ്ങളിൽ തൊഴിൽ എടുക്കുന്നവരുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ തൊഴിൽ നികുതി ഒടുക്കുന്നതിന് ബാദ്ധ്യസ്ഥരായ തൊഴിലാളികൾ നികുതിയിൽനിന്നും ഒഴിവാകുകയും ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുകയും ചെയ്യുന്നു. ലൈസൻസിനുള്ള അപേക്ഷകളോടൊപ്പം ജി.ഒ.(ആർ.ടി)795/2007/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള പ്ലാസ്റ്റിക് നിരോധന സാക്ഷ്യപത്രം സമർപ്പിക്കുന്നില്ല. ഡി & ഒ ലൈസൻസിനുള്ള അപേക്ഷകളിൽ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെന്നും, ആവശ്യമായ നിരാക്ഷേപ പത്രങ്ങൾ അപേക്ഷകളോടൊപ്പം സമർപ്പിച്ചിട്ടുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്. ലൈസൻസ് പുതുക്കി നൽകുന്നതിന് മുമ്പായി 10.01.2013-ലെ 66562/ആർ.സി.3 /12/2012 നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചതിൻ പ്രകാരം സ്ഥലപരിശോധന നടത്തിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

ലൈസൻസ് അപേക്ഷകളിൽ പ്രതിദിന വിറ്റുവരവ്, തൊഴിലാളികളുടെ എണ്ണം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് പരിശോധിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഡി ആന്റ് ഓ ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഈടാക്കേണ്ടതുമാണ്.

## 2-3 തൊഴിൽനികുതി- വരുമാന നഷ്ടം ഉണ്ടാകുന്നു

2015-16 സാമ്പത്തിക വർഷം തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല. പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെയും സ്വയം തൊഴിൽ ചെയ്യുന്നവരുടെയും വിശദാംശം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. തൊഴിൽനികുതി രജിസ്ററർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. സ്ഥാപനനികുതി അടയ്ക്കേണ്ട സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ തൊഴിൽ നികുതിയിനത്തിൽ ലഭിക്കേണ്ട വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ട്.

എ) സ്ഥാപന തൊഴിൽനികുതി

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽനിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| |
|---|
| മാവേലി സ്റ്റോർ, സീതത്തോട് |
| മേമന ഫിനാൻസ്, സീതത്തോട് |
| മുളമൂട്ടിൽ ഫൈനാൻസിയേഴ്സ്, സീതത്തോട് |
| മുളമൂട്ടിൽ ഫൈനാൻസിയേഴ്സ്, ആങ്ങമൂഴി |
| മുളമൂട്ടിൽ ഫൈനാൻസിയേഴ്സ്, കൊച്ചുകോയിക്കൽ |
| മുത്തൂറ്റ് ഫിൻകോർപ്പ്, സീതത്തോട് |
| മുത്തൂറ്റ് ഫിൻകോർപ്പ്, ആങ്ങമൂഴി |
| കോസ്മോ ക്ലിനിക്ക് ആങ്ങമൂഴി |
| കെ.എഫ്.ഡി.സി ഏലം, കാപ്പി വ്യാപാരം, സീതത്തോട് |
| ആതുര ഹോസ്പിറ്റൽ, സീതത്തോട് |
| എം.ജെ.കെ ചിറ്റ് ഫണ്ട്, സീതത്തോട് |
| തേക്കുങ്കൽ ഫിനാൻസ് |
| മുള്ളാനിൽ ചിറ്റ്സ് |
| മാറാമ്പടത്തിൽ ഫൈനാൻസിയേഴ്സ് |
| മേപ്പാട്ടുതറയിൽ ഫൈനാൻസിയേഴ്സ് |

മേൽപ്പറഞ്ഞിട്ടുള്ള സ്ഥാപനങ്ങളിൽനിന്ന് നികുതി ഈടാക്കി, വിവരം ലഭ്യമാക്കേണ്ടതാണ്.

ബി) പോലീസ് ഉദ്യോഗസ്ഥരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല

മൂഴിയാർ പോലീസ് സ്റ്റേഷനിലെ ജീവനക്കാർ 2015-16വർഷം തൊഴിൽനികുതി അടച്ചിട്ടില്ല. നിയന്ത്രണാധികാരിയായ ജില്ലാ പോലീസ് ചീഫിന്റെ ഓഫീസ് മുഖേനയാണ് പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥർക്ക് ശമ്പളം ലഭിക്കുന്നതതെങ്കിലും, പഞ്ചായത്തിൽ തൊഴിൽ നികുതിയടയ്ക്കാൻ ഇവർ ബാധ്യസ്ഥരാണ്.

1994ലെ കേരള കേരള പഞ്ചായത്ത് രാജ് ആക്ടിലെ 204-ാം വകുപ്പ പ്രകാരം, പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷം അറുപതു ദിവസമെങ്കിലും തൊഴിലെടുക്കുന്നവർ പഞ്ചായത്തിൽ തൊഴിൽനികുതി അടയ്ക്കേണ്ടതുണ്ട്. വകുപ്പ് 205കെ പ്രകാരം 'ജീവനക്കാർക്ക് ശമ്പളമോ വേതനമോ വാങ്ങി വിതരണം ചെയ്യാൻ അധികാരപ്പെടുത്തിയ ആൾ' എന്നാണ് തൊഴിലുടമയെ നിർവ്വചിച്ചിട്ടുള്ളത്. ശമ്പളം വിതരണം ചെയ്യുന്ന ജില്ലാ പോലീസ് ചീഫിന്റെ ഓഫീസിലേക്ക് ഡിമാന്റ് നോട്ടീസ് അയച്ചു നൽകി, വിവരം അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിൽ നികുതി വിഭാഗം ഉദ്യോഗസ്ഥരും സെക്രട്ടറിയും വീഴ്ച വരുത്തി.

പോലീസ് ഉദ്യോഗസ്ഥരുടെ തൊഴിൽനികുതി ഈടാക്കുന്നതു സംബന്ധിച്ച് 2014-15വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശം നൽകിയിരുന്നെങ്കിലും നാളിതുവരെ യാതൊരു നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഓഡിറ്റ് റിപ്പോർട്ട് പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്യുകയോ ആദ്യ മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ഓഡിറ്റ് പരാമർശത്തിന്മേൽ നടപടി കൈക്കൊള്ളാതിരുന്നതിന് സെക്രട്ടറി കാരണം ബോധിപ്പിക്കേണ്ടതാണ്. മേല്പറഞ്ഞ ഓഫീസിലെ ജീവനക്കാരുടെ തൊഴിൽ നികുതി കുടിശ്ശിക സഹിതം ലഭിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതും വരും വർഷങ്ങളിൽ നികുതി കൃത്യമായി ഡിമാന്റ് ചെയ്ത് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 2-4 കടമുറികളുടെ വാടക പിരിച്ചെടുത്തില്ല

ഗ്രാമപഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിലെ 2-ാം നമ്പർ കടമുറി, 7-ാം നമ്പർ ഓപ്പൺ സ്റ്റാൾ എന്നിവ വാടകയ്ക്കെടുത്തിരുന്ന ശ്രീ.സൈനുൾ ഹമീദ് എന്ന വ്യക്തി തൻവർഷം വാടക അടച്ചില്ല. കടമുറിക്ക് 2794/- രൂപയും ഓപ്പൺ സ്റ്റാളിന് 375/- രൂപയുമാണ് പ്രതിമാസ വാടക നിശ്ചയിച്ച് നൽകിയിരുന്നത്. വാടകയിനത്തിൽ ലഭിക്കാനുള്ള 38028/- രൂപ (33528+4500) പലിശ സഹിതം ഈടാക്കേണ്ടതാണ്.

## 2-5 സേവനനികുതി ഏർപ്പെടുത്തിയില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26പ്രകാരം പഞ്ചായത്തിന് കെട്ടിട ഉടമകളിൽനിന്ന് സേവനനികുതി പിരിച്ചെടുക്കാവുന്നതാണ്. ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകൾ എന്നീ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള പഞ്ചായത്തുകൾക്കാണ് ഇത്തരത്തിൽ സേവന നികുതിചുമത്താൻ അർഹതയുള്ളത്. തെരുവുവിളക്കുകളുടെ വൈദ്യുതചാർജ്ജ്, വെള്ളക്കരം ഇനങ്ങളിൽ വൻതുക ചെലവഴിക്കുന്നുണ്ടെങ്കിലും സീതത്തോട് ഗ്രാമപ്പഞ്ചായത്തിൽ സേവനനികുതി ഏർപ്പെടുത്തിയിട്ടില്ല. തനതു വരുമാനം കുറവുള്ള പഞ്ചായത്തിന് അനിവാര്യ ചുമതലകൾപോലും നിർവ്വഹിക്കാനുള്ള സാമ്പത്തികശേഷി ഇല്ലാത്ത അവസ്ഥയാണ്. ഈ സാഹചര്യത്തിൽ, വസ്തുനികുതിയിന്മേൽ നിയമാനുസൃത സേവനനികുതി ചുമത്തുന്നതു സംബന്ധിച്ച് ഭരണസമിതി ചർച്ച ചെയ്ത് തീരുമാനം കൈക്കൊള്ളേണ്ടതാണ്.

## 2-6 ഗവി ടൂറിസം പ്രോജക്ട് - വിനോദ നികുതി ഈടാക്കാൻ നടപടി ആരംഭിച്ചില്ല

ഗവി ടൂറിസം പ്രോജക്ടിന്റെ ഭാഗമായി കേരള ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ നൽകുന്ന പ്രവേശന ടിക്കറ്റുകൾക്ക് വിനോദനികുതി ഈടാക്കുന്നില്ല. 1961ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ് ആക്ട്, 1962ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ് റൂൾസ് എന്നിവ പ്രകാരം വിനോദനികുതി ഈടാക്കണമെന്ന് 2014-15വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും നിർദ്ദേശിച്ചിരുന്നെങ്കിലും പഞ്ചായത്ത് നാളിതുവരെ ഇതു സംബന്ധിച്ച് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

## 2-7 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടിയിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വോള്യം I, ആർട്ടിക്കിൾ 56ബി പ്രകാരം, മൂന്നുവർഷം കഴിഞ്ഞിട്ടുള്ള ഡെപ്പോസിറ്റുകൾ കാലഹരണപ്പെട്ടുപോകുന്നതാണ്. അതിനാൽ ഇപ്രകാരമുള്ള ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. എന്നാൽ 2003-04 മുതൽ 2012-13വരെയുള്ള കാലയളവിലെ കാലഹരണപ്പെട്ട 271 ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടാനവശേഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| *വർഷം* | *ഡെപ്പോസിറ്റുകളുടെ എണ്ണം* | *തുക* |
|---|---|---|
| 2003-04 | 13 | 16639 |
| 2004-05 | 19 | 32942 |
| 2005-06 | 35 | 69012 |
| 2006-07 | 40 | 92190 |
| 2007-08 | 8 | 39050 |
| 2008-09 | 12 | 63108 |
| 2009-10 | 40 | 38358 |
| 2010-11 | 38 | 55183 |
| 2011-12 | 37 | 22720 |
| 2012-13 | 29 | 19074 |
| ആകെ | **271** | **448276** |

കാലഹരണപ്പെട്ടുപോയ പ്രസ്തുത ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഭൂജല വകുപ്പിൽ തുക നിക്ഷേപിച്ചു- പ്രവൃത്തികൾ പൂർത്തിയായിട്ടില്ല

| | |
|---|---|
| *പദ്ധതി നം.* | *148/16 (കുഴൽ കിണർ നിർമ്മാണം)* |
| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *സെക്രട്ടറി* |
| *വകയിരുത്തിയ തുക* | *218000/- (റോഡിതര സംരക്ഷണ ഗ്രാന്റ്)* |
| *ചെലവഴിച്ച തുക* | *204708/-* |
| *ഡി.ഡി നം./ തീയതി* | *754993/10.2.16* |

ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള കോട്ടമൺപാറ, ഗുരുനാഥൻമണ്ണ് കമ്മ്യൂണിറ്റി ഹാളുകളിലും ആങ്ങമൂഴി ആംഗൻവാടിയിലും കുഴൽ കിണർ ഹാൻഡ് പമ്പ് സഹിതം സഹിതം സ്ഥാപിക്കുന്നതിനാണ് പ്രസ്തുത പദ്ധതി പ്രകാരം ഭൂജലവകുപ്പിന്റെ പത്തനംതിട്ട ഓഫിസിൽ തുക നിക്ഷേപിച്ചത്. കരാർ വയ്ക്കാതെയാണ് പ്രസ്തുത തുക നൽകിയിട്ടുള്ളത്. മൂന്നു പ്രവൃത്തികളിൽ അംഗൻവാടിയിൽ കുഴൽ കിണർ പ്രവൃത്തി നടത്തിയിട്ടുണ്ടെന്ന് അറിയാൻ കഴിഞ്ഞു എന്നാൽ ബാക്കി രണ്ട് പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. നിക്ഷേപിച്ച തുകയും ആയതിന്റെ പലിശയും പ്രസ്തുത പ്രവൃത്തികൾക്ക് വിനിയോഗിക്കേണ്ടതാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് നാളിതുവരെ നടപടികൾ ഒന്നും സ്വീകരിക്കാതിരുന്നത് ഓഡിറ്റ് ഗൗരവമായി വിലയിരുത്തുന്നു. പ്രസ്തുത പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 ഭവന നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നത്

| | |
|---|---|
| പദ്ധതി നം. | 25/16 (വീട് നിർമ്മാണം- ജനറൽ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |
| വകയിരുത്തിയ തുക | 1000000/- (വികസന ഫണ്ട്-ജനറൽ)<br>680000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവഴിച്ച തുക | 369000/- |

പ്രസ്തുത പദ്ധതിയുടെ ചുവടെ പറയുന്ന ഗുണഭോക്താക്കൾ കരാർ ചമച്ച് വീട് നിർമ്മാണ പ്രവൃത്തി ആരംഭിച്ചെങ്കിലും ഓഡിറ്റ് തീയതി വരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു-

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് വിവരം | ട്രഷറി ബിൽ നം. / തീയതി | തുക | ആകെ നൽകിയ തുക |
|---|---|---|---|---|
| 1 | ശ്രീമതി രാജമ്മ,<br>പറമ്പത്ത് വീട്, ആങ്ങമൂഴി പി.ഒ | 3/15-16 /27.1.2016 | 40000 | 170000 |
| | | 5/15-16 /26.2.2016 | 60000 | |
| | | 14/15-16 /21.3.2016 | 70000 | |
| 2 | ശ്രീമതി തങ്കമണി,<br>തുളസി ഭവനം, ഗുരുനാഥൻമണ്ണ് പി.ഒ | 3/15-16 /27.1.2016 | 40000 | 40000 |
| 3 | ശ്രീമതി സജിതകുമാരി,<br>ചാമക്കാലായിൽ, സീതത്തോട് | 3/15-16 /27.1.2016 | 40000 | 40000 |
| 4 | ശ്രീമതി സോഫിയ ചെറിയാൻ,<br>നാക്കാട്ടു കാവുങ്കൽ വീട്, കൊച്ചുകോയിക്കൽ പി.ഒ | 3/15-16 /27.1.2016 | 40000 | 40000 |
| 5 | ശ്രീമതി ആഷാമോൾ,<br>പാറക്കനാലിൽ, ഗുരുനാഥൻമണ്ണ് | 3/15-16 /27.1.2016 | 40000 | 40000 |
| 6 | ശ്രീമതി അമ്മിണിയമ്മ,<br>മണിയമ്പാറയിൽ വീട്, സീതത്തോട് പി.ഒ | 3/15-16 /27.1.2016 | 40000 | 170000 |
| | | 14/15-16 /27.1.2016 | 130000 | |
| 7 | ശ്രീമതി പൊന്നമ്മ,<br>പൂക്കോട്ട് വീട്, സീതത്തോട് പി.ഒ | 3/15-16 /27.1.2016 | 40000 | 100000 |

| | | | | |
|---|---|---|---|---|
| | | 5/15-16 /26.2.2016 | 60000 | |
| 8 | ശ്രീമതി ഏലിയാമ്മ സക്കറിയ,<br>ആലക്കോട്ട് വീട്, മണികണ്ഠൻകാല | 3/15-16 /27.1.2016 | 40000 | 170000 |
| | | 5/15-16 /26.2.2016 | 60000 | |
| | | 14/15-16 /21.3.2016 | 70000 | |
| 9 | ശ്രീമതി ഉഷാകുമാരി,<br>വല്യതറയിൽ വീട്, കോട്ടമൺപാറ | 3/15-16 /27.1.2016 | 40000 | 100000 |
| | | 14/15-16 /21.3.2016 | 60000 | |
| 10 | ശ്രീമതി സുമ സുനിൽ,<br>വാഴയിൽ വീട്, കോട്ടമൺപാറ | 3/15-16 /27.1.2016 | 40000 | 100000 |
| | | 14/15-16 /21.3.2016 | 60000 | |
| 11 | ശ്രീമതി ആറ്റ് ലീൻ,<br>വെട്ടുവേലിൽ, സീതത്തോട് | 3/15-16 /27.1.2016 | 40000 | 100000 |
| | | 14/15-16 /21.3.2016 | 60000 | |
| 12 | ശ്രീമതി ഏലിയാമ്മ,<br>തടത്തിൽപുത്തൻവീട്ടിൽ, കൊച്ചുകോയിക്കൽ പി.ഒ | 3/15-16 /27.1.2016 | 40000 | 100000 |
| | | 5/15-16 /26.2.2016 | 60000 | |
| 13 | ശ്രീമതി എം നബീസ,<br>ഒറ്റത്തെങ്ങിൽ വീട്, സീതത്തോട് പി ഒ | 3/15-16 /27.1.2016 | 40000 | 100000 |
| | | 5/15-16 /26.2.2016 | 60000 | |
| 14 | ശ്രീമതി സുജ & ജോസഫ് തോമസ്,<br>വളയംപറമ്പിൽ വീട്, കൊച്ചുകോയിക്കൽ പി.ഒ | 5/15-16 /26.2.2016 | 40000 | 100000 |
| | | 14/15-16 /21.3.2016 | 60000 | |
| 15 | ശ്രീമതി ഏലിയാമ്മ മാത്യു,<br>പുത്തൻപറമ്പിൽ, കോട്ടമൺപാറ | 5/15-16 /26.2.2016 | 40000 | 100000 |
| | | 14/15-16 /21.3.2016 | 60000 | |

| | | | | |
|---|---|---|---|---|
| 16 | ശ്രീ. ഭാസ്കരൻ,<br>ബിന്ദുസദനം, കോട്ടമൺപാറ | 5/15-16 /26.2.2016 | 40000 | 100000 |
| | | 14/15-16 /21.3.2016 | 60000 | |
| 17 | ശ്രീമതി ബിന്ദു,<br>നിരപ്പുകണ്ടത്തിൽ, കൊച്ചുകോയിക്കൽ | 5/15-16 /26.2.2016 | 40000 | 170000 |
| | | 14/15-16 /21.3.2016 | 130000 | |
| 18 | ശ്രീ. രാജൻ വി ജി,<br>വല്യകാലായിൽ, കോട്ടമൺപാറ | 5/15-16 /26.2.2016 | 40000 | 120000 |
| | | 19/15-16 /28.3.2016 | 60000 | |
| | | 24/15-16 /28.3.2016 | 20000 | |
| 19 | ശ്രീമതി ഏലിയാമ്മ,<br>തെക്കേച്ചരുവിൽ, സീതത്തോട് | 5/15-16 /26.2.2016 | 40000 | 170000 |
| | | 14/15-16 /21.3.2016 | 60000 | |
| | | 19/15-16 /28.3.2016 | 70000 | |
| 20 | ശ്രീമതി ലളിത,<br>പുറത്തേപറമ്പിൽ, സീതത്തോട് | 5/15-16 /26.2.2016 | 40000 | 100000 |
| | | 14/15-16 /21.3.2016 | 60000 | |
| 22 | ശ്രീമതി സാറാമ്മ ജോസ്,<br>പ്ലാത്താനത്ത് വീട്, സീതത്തോട് | 14/15-16 /21.3.2016 | 40000 | 40000 |
| 23 | ശ്രീമതി ഓമന,<br>ആര്യപ്പുളിക്കൽ, കൊച്ചുകോയിക്കൽ | 14/15-16 /21.3.2016 | 40000 | 40000 |
| 24 | ശ്രീമതി ശോശാമ്മ തോമസ്,<br>കോയിക്കമണ്ണിൽ, ആങ്ങമൂഴി | 14/15-16 /21.3.2016 | 40000 | 100000 |
| | | 19/15-16 /28.3.2016 | 60000 | |
| 25 | ശ്രീമതി സുശീല പ്രകാശ്,<br>പുത്തൻവീട്ടിൽ, ആങ്ങമൂഴി | 14/15-16 /21.3.2016 | 40000 | 40000 |

| | | | | |
|---|---|---|---|---|
| 26 | ശ്രീമതി അമൃത അനിൽ,<br>പുത്തൻവീട്ടിൽ മുരുപ്പേൽ, ഗുരുനാഥൻമണ്ണ് | 14/15-16 /21.3.2016 | 40000 | 40000 |
| 27 | ശ്രീമതി ഓമന എം എസ്സ്,<br>മുട്ടാണിശ്ശേരിൽ, കോട്ടമൺപാറ | 14/15-16 /21.3.2016 | 40000 | 40000 |
| 28 | ശ്രീമതി പ്രിയ പ്രസന്നൻ,<br>പായിക്കാട്ട്, കോട്ടമൺപാറ | 14/15-16 /21.3.2016 | 40000 | 40000 |

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളുടെ വീട് നിർമ്മാണം പൂർത്തീകരിക്കുവാനുള്ള അടിയന്തിര നടപടികൾ അധികൃതർ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം നൽകിയ തുക 12 % പിഴപ്പലിശയോടുകൂടിയോ, ആർ.ആർ നടപടിയിലൂടെയോ ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **3-3** വികലാംഗർക്ക് ഭവന നിർമ്മാണം- പൂർത്തീയാകാത്ത വീടുകൾ

| | |
|---|---|
| *പദ്ധതി നം.* | *23/16 (വികലാംഗർക്ക് വീട് നിർമ്മാണം)* |
| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *വി.ഇ.ഒ* |
| *വകയിരുത്തിയ തുക* | *1500000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)*<br>*100000/- (തനത് ഫണ്ട്)* |
| *ചെലവഴിച്ച തുക* | *79000/-* |

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന അംഗങ്ങളുള്ള കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തത്. ചുവടെ പറയുന്ന ഗുണഭോക്താക്കൾ കരാർ വച്ച് വീട് നിർമ്മാണ പ്രവൃത്തി ആരംഭിച്ചെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

| *ക്രമ നം.* | *ഗുണഭോക്താവിന്റെ പേരും മേൽവിലാസവും* | *ട്രഷറി ബിൽ നം.* | *നൽകിയ തുക* | *ആകെ നൽകിയ തുക* |
|---|---|---|---|---|
| 1 | ശ്രീമതി സരസമ്മ എം കെ,<br>പാനിക്കമണ്ണിൽ വീട്, സീതത്തോട് | 4/15-16/27.1.2016<br>15/15-16/21.3.2016 | 40000/-<br>60000/- | 100000/- |
| 2 | ശ്രീ. മാത്യു സി എ,<br>ചരിവുകാലായിൽ, ഗുരുനാഥൻമണ്ണ് | 4/15-16/27.1.2016<br>7/15-16/26.2.2016<br>15/15-16/21.3.2016 | 40000/-<br>60000/-<br>70000/- | 170000/- |
| 3 | ശ്രീമതി ഗീത,<br>കൊച്ചുപാറയിൽ, മണികണ്ഠൻകാല | 7/15-16/26.2.2016<br>15/15-16/21.3.2016<br>23/15-16/28.3.2016 | 40000/-<br>60000/-<br>70000/- | 170000/- |
| 4 | ശ്രീമതി ചെല്ലമ്മ,<br>നക്രംകുളത്ത് വീട്, മൂന്നുകല്ല് | 7/15-16/26.2.2016<br>15/15-16/21.3.2016 | 40000/-<br>60000/- | 100000/- |
| 5 | ശ്രീമതി സുനിമോൾ,<br>തടത്തിൽ കിഴക്കേതിൽ, കൊച്ചുകോയിക്കൽ | 7/15-16/26.2.2016 | 40000/- | 40000/- |
| 6 | ശ്രീ. സ്കറിയ എബ്രഹാം,<br>ചമ്പകുളത്ത് വീട്, കൊച്ചുകോയിക്കൽ | 7/15-16/26.2.2016 | 40000/- | 40000/ |

മേൽ പ്രസ്താവിച്ച ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തീകരിച്ച് ആനുകൂല്യം കൈപ്പറ്റുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം നൽകിയ ധനസഹായം 12 % പിഴപ്പലിശയോടുകൂടിയോ, ആർ.ആർ നടപടിയിലൂടെയോ തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **3-4** തെരുവ് നായ്ക്കൾക്ക് സ്റ്ററിലൈസേഷൻ– തുക വിനിയോഗിച്ചതിന്റെ രേഖയില്ല

| | |
|---|---|
| *പദ്ധതി നം.* | *263/16* |
| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *സെക്രട്ടറി* |

| | |
|---|---|
| വകയിരുത്തിയ തുക | 70000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവഴിച്ച തുക | 70000/- |
| ഡി.ഡി നം./ തീയതി | 281436/24.2.2016 |

നായ്ക്കളുടെ വർദ്ധനവ് തടയുന്നതിന് ആനിമൽ ബർത്ത് കൺട്രോൾ പരിപാടി നടപ്പിലാക്കുന്നതിന് ഭാഗമായി 70000/- രൂപ ജില്ലാ പഞ്ചായത്തിന് വിഹിതമായി നൽകിയിട്ടുണ്ട്. ഡി.ഡി.പി-യുടെ 23.12.2015-ലെ ജി2–5494/15-ാം നമ്പർ കത്തിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്. എന്നാൽ പദ്ധതി നടത്തിപ്പിന് നൽകിയ തുകയക്ക് നാളിതുവരെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം ലഭിയ്ക്കുന്നത് വരെ ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

## 3-5 എസ്.എസ്.എ പദ്ധതിയ്ക്ക് വർഷാവർഷം തുക നൽകുന്നതിൽ പരിമിതപ്പെടുന്ന പഞ്ചായത്തിന്റെ ചുമതല

6മുതൽ 14വയസ്സിനിടയിൽ പ്രായമുള്ള എല്ലാ കുട്ടികൾക്കും പ്രാഥമിക വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് സർവ്വ ശിക്ഷാ അഭിയാൻ. എസ്.എസ്.എ-യുടെ ജില്ലാ പ്രൊജക്ട് ഓഫീസർ തയ്യാറാക്കുന്ന വാർഷിക ബഡ്ജറ്റിൽ നിന്നും അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതമായ 35 ശതമാനം തുക വകയിരുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രസ്തുത പദ്ധതിയ്ക്ക് ഓഡിറ്റ് വർഷം 481330/- രൂപ ചെലവഴിച്ചിട്ടുണ്ട്. (ട്രഷറി ബിൽ നം.14/15-16/11.12.15) നിർബന്ധിത പദ്ധതി എന്ന നിലയിൽ എല്ലാ വർഷവും ഈ പദ്ധതി നടപ്പിലാക്കുന്നു എന്ന മാത്രമാണ് പഞ്ചായത്തിന്റെ ചുമതല. വ്യക്തമായ ഒരു കർമ്മ പദ്ധതി തയ്യാറാക്കാതെയാണ് തുക ചെലവഴിക്കുന്നത്. സീതത്തോട് ഗ്രാമപഞ്ചായത്തിൽ കേവലം 3സർക്കാർ എൽ.പി, യു.പി വിദ്യാലയങ്ങളും 2 സർക്കാർ എയ്ഡഡ് വിദ്യാലയങ്ങൾ മാത്രമേയുള്ളൂ. എസ്.എസ്.എ വിഹിതമായി പഞ്ചായത്ത് നൽകുന്ന തുക സ്വകാര്യ എയഡഡ് സ്കൂളുകളിലും ചെലവഴിക്കപ്പെടുന്നുണ്ട്. പഞ്ചായത്ത് ഭരണസമിതിയോ ആരോഗ്യ-വിദ്യാഭ്യാസ സ്ഥിരം സമിതിയോ എസ്.എസ്.എ ഫണ്ട് ഉപയോഗിച്ച് പഞ്ചായത്തിൽ നടത്തുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് മോണിട്ടറിംഗ് നടത്തി വിലയിരുത്തുന്നില്ല.

ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ (ഏതെല്ലാം ഘടകങ്ങൾക്കാണ് തുക വിനിയോഗിച്ചത്) ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. വിശദമായ വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

## 3-6 വിനിയോഗ രേഖയുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 8.6.2015-ലെ സ.ഉ(സാധാ.) 188/2015-ാം നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചാത്തുകളിലെ പെർഫോമൻസ് ഓഡിറ്റ് സംവിധാനം നവീകരിക്കുന്നതിന്റെ ഭാഗമായി ഓരോ പെർഫോമൻസ് യൂണിറ്റിന്റെ പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകൾ എല്ലാ വർഷവും 10000/- രൂപ തനത് ഫണ്ടിൽ നിന്നും നീക്കിവെയ്ക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിൽ പ്രകാരം സീതത്തോട് ഗ്രാമപഞ്ചായത്തിൽ നിന്നും 10000/- രൂപ ഡി.ഡി നം. 281349/27.10.15 പ്രകാരം നൽകിയിട്ടുണ്ട്. പ്രസ്തുത തുകയ്ക്ക് പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകണമെന്ന ഉത്തരവിലെ നിബന്ധന പാലിച്ചിട്ടില്ല. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നത് വരെ ചെലവഴിച്ച തുക തടസ്സത്തിൽ വയ്ക്കുന്നു.

## 3-7 മരാമത്തു പ്രവൃത്തി- റോഡ് കോൺക്രീറ്റിംഗിന് അധികനിരക്ക് നൽകി

പൊതുമരാമത്ത് വകുപ്പിന്റെ 17.4.13-ലെ GO(P) 36/2013/PWD- ഉത്തരവനുസരിച്ച് CPWD Data (DSR) പ്രകാരമാണ് ഗ്രാമപഞ്ചായത്തിൽ 2015-16വർഷം മരാമത്തു പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രതിഫലം നൽകിയിരിക്കുന്നത്. CPWD, Analysis of Rates-2014, Vol-I പ്രകാരം 1:2:4 റോഡ് കോൺക്രീറ്റിംഗിന് (DSR Code : 4.1.3) Base rate 4753.29/ $m^3$ ആണ് (കൺവീനർ പ്രവൃത്തികൾക്ക്). PWD ചീഫ് എഞ്ചിനീയറുടെ 15.12.14-ലെ CD/Admin/PLA/1014/2005 സർക്കുലർ പ്രകാരം പത്തനംതിട്ട ജില്ലയ്ക്ക് 1.4.2014 മുതൽ ബാധകമായ കോസ്റ്റ് ഇന്റക്സ് 40.95% ആണ്. ആയതുപ്രകാരം 1:2:4 കോൺക്രീറ്റിംഗിന് നൽകാവുന്ന നിരക്ക് 6699.66/ $m^3$ ആണ്.(4753.29 X 1.4095). 29.2.16-ലെ 30/16/ധന നം. സർക്കാർ ഉത്തരവിൽ അതാത് സ്ഥലത്തെ കോസ്റ്റ് ഇൻഡക്സുകളിലെ കാലാകാലങ്ങളിലുള്ള മാറ്റങ്ങൾ എൻ.ഐ.സി പരിഷ്കരിച്ചിട്ടുണ്ടെന്നും ആയതനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. ത.സ്വ.ഭ.വ ചീഫ് എഞ്ചിനീയരുടെ 26.7.16-ലെ ഡി.ബി3/6512/2016/സി.ഇ സർക്കുലർ പ്രകാരം പത്തനംതിട്ട ജില്ലയ്ക്ക് 1.8.15 മുതൽ ബാധകമായ കോസ്റ്റ് ഇൻഡക്സ് 45.71% ആണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതനുസരിച്ച് കൺവീനർ പ്രവൃത്തികളിൽ ടി ഇനത്തിന് നൽകാവുന്ന നിരക്ക് 6926/ $m^3$ ആണ്. എന്നാൽ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ 1:2:4 റോഡ് കോൺക്രീറ്റിംഗിന്റെ നിരക്കിനു പകരം, തറ കോൺക്രീറ്റ് ചെയ്ത് നിരപ്പാക്കുന്നതിന്റെ നിരക്കാണ് നൽകിയിരിക്കുന്നത് എന്നു കാണുന്നു.(Flooring; DSR Code: 11.7). അതായത്, 7058.78/$m^3$ എന്ന നിരക്കാണ് അനുവദിച്ചു നൽകിയത്. (1.8.15 മുതൽ 7927.16/$m^3$).ആയത് ഓഡിറ്റിൽ അംഗീകരി ക്കുന്നില്ല. വിവിധ പ്രവൃത്തികളിൽ അധികം ചെലവഴിച്ച താഴെ പറയുന്ന തുകകൾ നിരാകരിക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം./പേര്/ അടങ്കൽ തുക/ ഫണ്ട് | കൺവീനർ/എം.ബുക്ക് നം./ ബിൽ നം. തീയതി,തുക | കോൺക്രീറ്റിംഗിന്റെ അളവ്, അനുവദിച്ച നിരക്ക്, തുക | അനുവദിക്കാവുന്ന തുക (@6699.76/ $m^3$- കൺവീനർക്ക്) | അധികം നൽകിയ തുക |
|---|---|---|---|---|---|
